അറിവുപകരുന്നവർ ഒരു അറിവാണ്

ഷഫീഖ് മോങ്ങം
വിദ്യാർഥി, കുവൈത്ത് യൂണിവേസിറ്റി

അധ്യാപകൻ ഒരു സോഷ്യൽ എഞ്ചിനീയർ ആണെന്നത് ഒരു വസ്തുതയായിരുന്നു. അതിൽനിന്നും കേവലം അക്കാദമിക വിഷയങ്ങൾ വിദ്യാർഥികൾക്ക് വിശദീകരിച്ചു നൽകുക മാത്രമാണ് അധ്യാപകന്റെ ജോലി എന്നിടത്തേക്ക് ചുരുക്കപ്പെടുമ്പോൾ ഓർക്കണം നാം, നമ്മെ നാമാക്കിയ നമ്മുടെ പ്രിയ ഗുരുനാഥൻമാരെ.....

ഒരു വിദ്യാർഥിയുടെ ഘട്ടങ്ങളായുള്ള വ്യക്തിത്വ വളർച്ചയിലും സമൂഹത്തോടുള്ള പ്രതിബദ്ധത അവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിലും അധ്യാപകനുള്ള പങ്ക് നിർണ്ണായകമാണ്.നമ്മളിൽ ഭൂരിഭാഗവും അതനുഭവിച്ചവരുമാണ്. അന്ന് ആ ടീച്ചർ പറഞ്ഞ പോലെ ചെയ്തിരുന്നുവെങ്കിൽ ഒരുപക്ഷേ ഇന്നെനിക്ക് ഈ ഗതിയായിരിക്കില്ലെന്ന് ഒരിക്കലെങ്കിലും ചിന്തിക്കാത്തവർ വിരളമാണ്. അന്ന് മാഷ് അടുത്തു വിളിച്ച് നൽകിയ ഉപദേശങ്ങൾ കാതുകൾ കടന്ന് ചെന്നെത്തിയത് ഹൃദയങ്ങളിലായിരുന്നുവെന്നതിന്റെ തെളിവുകൾ അനേകം.

ഇന്ന് അങ്ങിനെയല്ല കാര്യങ്ങൾ.... അന്ന് കാണിച്ച ചില കണ്ണുരുട്ടലുകൾ നമ്മളിലുണ്ടാക്കിയത് ഭയവും തുടർന്ന് മാറ്റങ്ങളുമാണെങ്കിൽ ഇന്ന് കണ്ണുരുട്ടാൻ അദ്ധ്യപകർക്ക് ഭയമാണ്. സമൂഹത്തിലെ ഉന്നതൻമാർ വരെ മക്കളുടെ അധ്യാപകരുടെ മുന്നിൽ ചെന്നുനിന്ന് തന്റെ കുട്ടിയെക്കുറിച്ച് അധ്യാപകരെന്താണ് പറയുന്നതെന്ന് സശ്രദ്ധം കേട്ട് വേണ്ട കാര്യങ്ങൾ ചെയ്തു വന്നിരുന്നുവെങ്കിൽ ഇന്ന് കുട്ടി എന്തെങ്കിലും ചെയ്താൽ ഇന്ന ആളുടെ മകനാണ്/മകളാണ്, അതുകൊണ്ട് കാണാത്ത പോലെ നിൽക്കുന്നതാണ് തനിക്ക് നല്ലതെന്ന് മനസ്സിലാക്കി അകലം പാലിക്കാൻ അധ്യാപകർ നിർബന്ധിതരാവുകയാണ്.

അല്ല, ചെറിയ കുട്ടിയല്ലേ, ഉപദേശിച്ച് നന്നാക്കാം എന്ന് കരുതി അരികിൽ വിളിച്ച് നാല് വാക്ക് പറയാമെന്ന് വിചാരിച്ചാൽ താനാരെടോ എന്നെ നന്നാക്കാൻ എന്ന തോതിൽ തിരിച്ചുതിർക്കുന്ന നോട്ടങ്ങൾക്ക് മുമ്പിൽ നിസ്സഹായകരാകുന്നു പാവങ്ങൾ..

ഗുണദോഷിക്കാൻ വടിയെടുത്താൽ വീട്ടിൽ ചെന്ന് പൊടിപ്പും തൊങ്ങലും ചേർത്ത് പുന്നാരമോൻ പറയുന്നത് കേട്ട് നാലാളെയും കൂട്ടി മാഷിന്റെ വീട്ടിലേക്ക് ചെല്ലുമ്പോൾ തകരുന്നത് സ്വന്തം മകന്റെ ഭാവിയാണെന്ന തിരിച്ചറിവ് പല മാതാപിതാക്കൾക്കും നഷ്ടപ്പെട്ടിരിക്കുന്നു.

വിദ്യാലയങ്ങൾ താണ്ടി കലാലയങ്ങളിലും കോളേജുകളിലും ചെന്നെത്തുമ്പോൾ പ്രായത്തിനൊത്ത് വിദ്യാർഥികളുടെ ഭാവങ്ങളും ചിന്തകളും മാറുന്നു. സ്വപ്നങ്ങളുടെ ലോകത്ത് ജീവിക്കുമ്പോൾ ചുറ്റുമുള്ള നിയമങ്ങളോടും നിയന്ത്രണങ്ങളോടും ഒരുതരം വെറുപ്പും പുച്ഛവും തോന്നിത്തുടങ്ങും.ഞാനെന്തൊക്കെയോ ആയിത്തീർന്നിട്ടുണ്ടെന്ന് സ്വയം വിധിയെഴുതുന്ന ഈ സമയത്താണ് ചൂഷകൻമാർ ഇവരെത്തേടിയെത്തുന്നത്.

ഉപദേശങ്ങളെ കാറ്റിൽ പറത്തുന്ന കാലം !

കാപട്യത്തിന്റെ വക്താക്കളും രാഷ്ട്രീയകോമരങ്ങളും വ്യത്യസ്ത മാഫിയകളും സിനിമകളും മറ്റും ചുറ്റും നിന്ന് ചൂണ്ടയിടുമ്പോൾ അറിഞ്ഞോ അറിയാതെയോ കെണിയിൽ വീഴാത്തവർ വിരളം. റീലുകളിലും കഥകളിലും കാണുന്നവയെ ജീവിതവുമായി താരതമ്യം ചെയ്ത്, ചിന്താശേഷിയും ബുദ്ധിയും അടിയറവ് വെച്ച് ആർക്കൊക്കെയോ വേണ്ടി എന്തൊക്കെയോ ചെയ്തു നടക്കുമ്പോൾ നാടിനും വീടിനും നഷ്ടപ്പെടുന്നത് അവരുടെ ഭാവി വാഗ്ദാനങ്ങളെയാണ്.

എതിര് പറയുന്നത് അധ്യാപകരോ മാതാപിതാക്കളോ എന്നുവേണ്ട ആരു തന്നെയായാലും ശരി, തന്റെ ചിന്തകൾക്കുൾക്കൊള്ളാനാവാത്തവയെ എതിർത്തും പരിഹസിച്ചും തകർത്തും അവർ മുന്നേറും. അവരെ കരുവാക്കുന്നവർ മറകൾക്കപ്പുറത്ത് നിന്ന് ലാഭം കൊയ്ത് കൈകൊട്ടിച്ചിരിചക്കും .

സഹോദരങ്ങളേ.....

ഇത്തരം അന്ധമായ ആഭാസങ്ങ

ളിൽ ആർക്കും ഉപയോഗപ്പെടാതെ എരിഞ്ഞ് തീരേണ്ടതല്ല നിങ്ങളുടെ യൗവനം, മറിച്ച് കേവലമായ ജീവിത പരിചയത്തിൽ മനസ്സിൽ കയറിയ ആശയങ്ങൾ മാത്രമാണ് ശരിയെന്ന സമീപനത്തെ മാറ്റി നിർത്തി കു ബുദ്ധികളിൽ നിന്നും കടിഞ്ഞാൺ പിടിച്ചുവാങ്ങി സ്വയം അന്വേഷിച്ചും പരിചയസമ്പന്നരിൽ നിന്നും ഉപദേ ശങ്ങൾ ആരാഞ്ഞും ലഭിച്ചവയിൽ നെല്ലും പതിരും വേർതിരിച്ച് സ്വീ കരിക്കേണ്ടവ സ്വീകരിച്ചും തള്ളേ ണ്ടവ തള്ളിയും ഉയരങ്ങളിലേക്ക് പറക്കാനുള്ളതാണ്.

എല്ലാത്തിനേയും കച്ചവടക്ക ണ്ണോടെ മാത്രം നോക്കി കാണുന്ന ആധുനിക സമൂഹത്തിൽ കളങ്ക മില്ലാത്ത കുഞ്ഞുമനസ്സുകളിൽ പോലും മാലിന്യം നിറക്കുന്നവർ നിങ്ങൾ പോലുമറിയാതെ നിങ്ങളെ ഉപയോഗപ്പെടുത്തുകയാണെന്ന തി രിച്ചറിവിന് ഇനിയും വൈകിക്കൂടാ.

ഇന്ന് ലോകത്ത് ഏറ്റവും കൂടു തൽ വിൽക്കപ്പെടുന്നത് എന്താണെ ന്ന് ചോദിച്ചാൽ രണ്ടാമതൊന്നാ ലോചിക്കാതെ ഉത്തരം പറയാം; സ്ത്രീ സൗന്ദര്യം

അന്ന് കാണിച്ച ചില കണ്ണുരുട്ടലുകൾ നമ്മളിലുണ്ടാക്കിയത് ഭയവും തുടർന്ന് മാറ്റങ്ങളുമാണെങ്കിൽ ഇന്ന് കണ്ണുരുട്ടാൻ അദ്ധ്യപകർക്ക് ഭയമാണ്. സമൂഹത്തിലെ ഉന്നതൻമാർ വരെ മക്കളുടെ അധ്യാപകരുടെ മുന്നിൽ ചെന്നുനിന്ന് തന്റെ കുട്ടിയെക്കുറിച്ച് അധ്യാപകരെന്താണ് പറയുന്നതെന്ന് സശ്രദ്ധം കേട്ട് വേണ്ട കാര്യങ്ങൾ ചെയ്തു വന്നിരുന്നുവെങ്കിൽ ഇന്ന് കുട്ടി എന്തെങ്കിലും ചെയ്താൽ ഇന്ന ആളുടെ മകനാണ്/മകളാണ്, അതുകൊണ്ട് കാണാത്ത പോലെ നിൽക്കുന്നതാണ് തനിക്ക് നല്ലതെന്ന് മനസ്സിലാക്കി അകലം പാലിക്കാൻ അധ്യാപകർ നിർബന്ധിതരാവുകയാണ്.

അതല്ലാതെ സ്വന്തം അധ്യാ പകൻ ഒരു സ്വകാര്യ സദസ്സിൽ അവതരിപ്പിച്ച ഭാഷണത്തിലെ വാക്കുകൾക്ക് എഴുതാപ്പുറം കൽപ്പിച്ച് കലാലയത്തിന്റെ മുമ്പിൽ മുദ്രാവാക്യം വിളിച്ച് സ്വയം അപ ഹാസ്യരാകുകയല്ല ചെയ്യേണ്ടത്.

വായിൽ കൊള്ളാത്ത വാക്കുക ളുമായിശരികളെന്ന് തെറ്റിദ്ധരിച്ചതോ തെറ്റിദ്ധരിപ്പിക്കപ്പെട്ടതോ ആയ കാര്യങ്ങൾക്ക് വേണ്ടി പതാകകൾ ഏന്തി റോഡുകളിൽ ആവേശം കാ ണിക്കുന്നതിനെ സഹതാപത്തോ ടെയല്ലാതെ സംസ്കാരമുള്ളവർ

സ്ത്രീ നഗ്നത കാണാനുള്ള പുരുഷന്റെ ത്വരയെയും വികാരത്തെ യും ചൂഷണം ചെയ്ത് ഉപ്പു തൊട്ട് കർപ്പൂരം വരെ ഏതൊരു വസ്തുവും ആളുകളുടെ മനസ്സിൽ തറച്ചിടാൻ സ്ത്രീ സൗന്ദര്യം ആയുധമാക്കുക യാണ് കച്ചവടക്കാർ.

ഇതെല്ലാം കണ്ടിറങ്ങുന്ന പുരു ഷൻമാരിൽ, അവസരവും സാഹച ര്യവും ഒത്തു വരുമ്പോൾ തങ്ങളുടെ വികാരങ്ങളെ അസ്ഥാനങ്ങളിൽ പ്രയോഗിക്കാൻ ശ്രമിക്കുന്നവരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

മറുവശത്ത് സ്ത്രീകളോടുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നുവെന്ന

പത്രവാർത്തകൾ നിറയുമ്പോൾ തമ്മിലുള്ള ബന്ധമെന്തെന്ന് മനസ്സിലാക്കാൻ സാമാന്യബുദ്ധിയുള്ളവർക്ക് പ്രയാസം കാണില്ല.

എന്നിരിക്കെ സൗന്ദര്യപ്രദർശനത്തിനെതിരെ അറിവുള്ളവരും സംസ്കാരസമ്പന്നരും നിലകൊള്ളുന്നത് സ്വാഭാവികം മാത്രം. താത്വികമായി തെളിവുകളും ഫലദൃഷ്യങ്ങളും വിവരിക്കുകയും ചെയ്തെന്നിരിക്കാം. അതവരുടെ അവകാശമാണെന്നു മാത്രമല്ല സമൂഹത്തോടുള്ള അവരുടെ ബാധ്യത കൂടിയാണ്. അതിനെതിരെ പോലും (കപട)സ്ത്രീ സ്വാതന്ത്ര്യം അലറി വിളിച്ചു നടക്കുന്നവരും അവരെ പിന്താങ്ങുന്നവരും ലക്ഷ്യം വെക്കുന്നത് യഥാർത്ഥത്തിൽ സ്ത്രീകളെ സംരക്ഷിക്കാനാണെന്ന് വിശ്വസിക്കാൻ തലച്ചോറുള്ളവർക്ക് സാധ്യമല്ല. സ്നേഹം കാണിക്കുന്ന ചെന്നായ്ക്കൾക്ക് മുന്നിൽ അഴിഞ്ഞാടല്ലേ എന്ന് പറയുന്നവരോട് അത് ഞങ്ങളുടെ സ്വാതന്ത്ര്യം ആണെന്ന് അലറി വിളിക്കുന്നത് എന്ത് വിഡ്ഢിത്തമാണ്?..

സ്വാതന്ത്ര്യത്തിന് പുതിയ വ്യാഖ്യാനങ്ങൾ നൽകി എല്ലാം തുറന്നു കാണിക്കുക കൂടി ചെയ്യുന്നത് മനസ്സിൽ കയറിക്കൂടിയ അബദ്ധങ്ങളുടെ ആഴവും വ്യാപ്തിയും വ്യക്തമാക്കുന്നു.

നിലനിൽക്കുന്ന നൻമകളെ കൂടെ തച്ചുതകർക്കാനാകരുത് നിങ്ങളുടെ സ്വാതന്ത്ര്യസമരങ്ങൾ, മറിച്ച് നല്ല നാളെകൾക്ക് വേണ്ടിയാവട്ടെ ഓരോ കാൽവെപ്പും... എങ്കിൽ മാത്രമേ നല്ല നാളെയുടെ നൻമയുടെ മക്കൾ നിങ്ങളെയോർക്കൂ...

അറിയുക:ആവേശങ്ങൾക്കുംവികാരങ്ങൾക്കുമപ്പുറത്തുള്ള വിചാരങ്ങൾക്കാണ് അന്തിമവിജയം!.